ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം


**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


നമ്പർ. *ബി1/ഇ 49537/ടിസി/2018*

തിയ്യതി 14 -03-2018

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – ഓൾ ഇന്ത്യാ ടൂറിസ്റ്റ് ഒമ്നി ബസുകളിൽ നിന്നും നികുതി ഈടാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :-
1 സർക്കുലർ നമ്പർ 22/2016
2 എച്ച്1/22/ടിസി/2016 തീയതി 24-04-2017.
3 എച്ച്1/22/ടിസി/2016 തീയതി 28-07-2017.

2016 –ലെ ഫിനാൻസ് ആക്ട് പ്രകാരം മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88 (9) പ്രകാരം ഓൾ ഇന്ത്യാ പെർമിറ്റെടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന ഇന്റർസ്റ്റേറ്റ് കോൺട്രാക്ട് കാര്യേജുകളിൽ നിന്ന്, ടി വാഹനം കേരളത്തിലേക്ക് പ്രവേശിക്കുന്ന മാസം മുതൽ ആ ക്വാർട്ടറിന്റെ അവസാനം വരെയാണ് നികുതി സ്വീകരിക്കുന്നത്. എന്നാൽ ഇത്തരത്തിൽ നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാകുന്നതിനായി, ചില അന്യസംസ്ഥാന വാഹനങ്ങൾ ഓൾ ഇന്ത്യാ പെർമിറ്റിൽ നിന്നും കേരളത്തെ ഒഴിവാക്കിക്കൊണ്ട് അതാത് സ്ഥലത്തെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിന്ന് പെർമിറ്റ് വേരിയേഷൻ വാങ്ങുകയും, ആയതിനുശേഷം, സെക്ഷൻ 88 (8) പ്രകാരം സ്പെഷൽ പെർമിറ്റെടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം വാഹനങ്ങളിൽനിന്നും നിലവിൽ അവയുടെ പീരിയഡ് ഓഫ് സ്റ്റേയുടെ അടിസ്ഥാനത്തിൽ ക്വാർട്ടർലി നികുതിയുടെ 1/3rd or 1/10th നികുതി മാത്രമാണ് ചെക്ക്പോസ്റ്റുകളിൽ ഈടാക്കിവരുന്നത്. ആയത്, സർക്കാരിന് വരുമാന നഷ്ടമുണ്ടാക്കുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഇത്തരത്തിൽ പെർമിറ്റ് വേരിയേഷൻ അനുവദിക്കുന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളുടെ നടപടി വിശദമായി വിശകലനം ചെയ്യുകയുണ്ടായി.

മോട്ടോർ വാഹന നിയമം സെക്ഷൻ 80 (3) പ്രകാരമാണ് നിലവിലുള്ള പെർമിറ്റിൽ വേരിയേഷൻസ് അനുവദിക്കുന്നത്. എന്നാൽ പ്രസ്തുത വ്യവസ്ഥ പ്രകാരം, കോൺട്രാക്ട് കാര്യേജുകളെ സംബന്ധിച്ച് പുതിയ റൂട്ട്/ഏരിയയുടെ inclusions മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളു. അതല്ലാതെ കോൺട്രാക്ട് കാര്യേജ് പെർമിറ്റുകളുടെ ഏരിയ/റൂട്ട് curtail ചെയ്യാൻ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് അധികാരമില്ലാത്തതാണ്.

ആയതിനാൽ മോട്ടോർ വാഹന നിയമം സെക്ഷൻ 88(9) പ്രകാരം ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തിലും പ്രവേശിക്കുന്നതിനായി പെർമിറ്റ് എടുത്തശേഷം നികുതി വെട്ടിക്കുന്നതിന് മാത്രമായി നിയമാനുസൃതം അല്ലാതെ കേരളത്തിലേയ്ക്കുള്ള പ്രവേശനം ഒഴിവാക്കി (curtailment) പെർമിറ്റ് വേരിയേഷൻ വാങ്ങിയ ശേഷം മോട്ടോർ വാഹന നിയമം സെക്ഷൻ 88(8) പ്രകാരം സ്പെഷ്യൽ പെർമിറ്റ് എടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന ഇന്റർ സ്റ്റേറ്റ് കോൺട്രാക്ട് കാര്യേജുകളിൽ നിന്ന് മോട്ടോർ വാഹന നിയമം 88 (9) പ്രകാരം പെർമിറ്റുള്ള വാഹനത്തിന് ഈടാക്കുന്ന നികുതി, അതായത് അവർ കേരളത്തിൽ പ്രവേശിച്ച മാസം മുതൽ ആ ക്വാർട്ടറിന്റെ അവസാനം വരെയുള്ള നികുതി തന്നെയാണ് ഈടാക്കേണ്ടത്. യാതൊരു കാരണവശാലും ഇത്തരം വാഹനങ്ങളിൽ നിന്ന് പീരിയഡ് ഓഫ് സ്റ്റേയുടെ അടിസ്ഥാനത്തിൽ $1/3^{rd}$ or $1/10^{th}$ നികുതി ഈടാക്കാൻ പാട്ടുള്ളതല്ല. എന്നാൽ, ഇത്തരത്തിൽ ത്രൈമാസ നികുതി അടച്ച വാഹനങ്ങൾ സംസ്ഥാനത്തേയ്ക്ക് അതേ ക്വാർട്ടറിൽ തന്നെ വീണ്ടും സ്പെഷ്യൽ പെർമിറ്റ് എടുത്ത് പ്രവേശിയ്ക്കുകയാണെങ്കിൽ നികുതി അടച്ച കാലഘട്ടത്തിലേയ്ക്ക് വീണ്ടും നികുതി ഈടാക്കുവാൻ പാടില്ല.

മേൽ നിർദ്ദേശങ്ങൾ എല്ലാ ചെക്ക് പോസ്റ്റിലും കർശനമായി പാലിക്കേണ്ടതാണ്. എല്ലാ ഡി.ടി.സി. മാരും ആർ.ടി.ഒ. മാരും, മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ചെക്ക് പോസ്റ്റുകളിൽ യഥാസമയം പരിശോധനകൾ നടത്തേണ്ടതുമാണ്.

സൂചന 3 പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഇതിനാൽ പിൻവലിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ,

15/3/18

സീനിയർ സൂപ്രണ്ട്.

15/3/18

P.S.

മോട്ടോർ വാഹന വകുപ്പ്, കേരള